പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3814

20.10. 2016-ൽ മറുപടിക്ക്

## പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.സി.ജോർജ് | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | 24.06.2016 ലെ നയപ്രഖ്യാപന പ്രസംഗത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ ഈ വർഷം ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) | പ്രഖ്യാപിച്ചിരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 12 പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പഠനങ്ങൾ നടത്തിവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ വലിയതുറ, പൂന്തുറ, വർക്കല ചിലക്കൂർ, പൊഴിയൂർ കൊല്ലം ജില്ലയിലെ സൗത്ത് പരവൂർ, ആലപ്പുഴ ജില്ലയിലെ പുന്നപ്ര, തൃക്കുന്നപ്പുഴ, തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, കോഴിക്കോട് ജില്ലയിലെ കരിയാടി, കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി കാസർഗോഡ് ജില്ലയിലെ അജാനൂർ കടപ്പുറം എന്നിവയാണ് പഠനം നടക്കുന്നവ. മേൽ പരാമർശിച്ചവയിൽ മാതൃകാപഠനം പൂർത്തിയാക്കി പരിസ്ഥിതി ആഘാത പഠനം വിവിധ ഘട്ടങ്ങളിലായി പൂർത്തികരിച്ചുവരുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>i) തിരുവനന്തപുരം ജില്ലയിലെ വലിയതുറ മത്സ്യബന്ധന തുറമുഖത്തിന്റെ, നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ, പാരിസ്ഥിതിക പഠനം, മാതൃകാ പഠനം എന്നിവ പൂർത്തീകരിക്കുകയും Pollution control Board ന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് , KCZMA യിൽ നിന്നും CRZ ക്ളിയറൻസ് എന്നിവ ലഭ്യമായിട്ടുണ്ട്. ഇതിൻ പ്രകാരം ലേ ഔട്ട് തയ്യാറാക്കി പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>ii) തിരുവനന്തപുരം ജില്ലയിലെ പൂന്തുറ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പാരിസ്ഥിതിക പഠനം പുരോഗമിക്കുകയാണ്. പദ്ധതിക്കുവേണ്ടി CRZ ക്ളിയറൻസ്. Pollution control Board ന്റെ എൻ.ഒ.സി എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കാനുദ്ദേശിക്കുന്ന ലൊക്കേഷൻ മാറ്റണമെന്നുള്ള പ്രദേശവാസികളുടെ അഭ്യർത്ഥന പ്രകാരം പുതിയ സ്ഥലത്ത് ഹാർബർ നിർമ്മിക്കുന്നതിന് CWPRS ൽ നിന്നും ലഭ്യമായ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| | | | iii) തിരുവനന്തപുരം ജില്ലയിലെ വർക്കല ചിലക്കൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പാരിസ്ഥിതിക പഠനം സംബന്ധിച്ച ഫൈനൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി അപേക്ഷ KCZMA യ്ക്ക് നൽകുകയും ആയതിനുവേണ്ടി 10 ലക്ഷം രൂപ KCZMA ആവശ്യപ്പെട്ടിട്ടുമുണ്ട്. പുലിമുട്ടുകൾ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ CLIFF പുലിമുട്ട് നിർമ്മാണത്തെ ബാധിക്കുമോയെന്ന് പരിശോധിച്ച് വ്യക്തമായ റിപ്പോർട്ട് നൽകുവാൻ CWPRS നോട് ആവശ്യപ്പെട്ടിട്ടുണ്ട്. Pollution control Board ന്റെ അനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br>iv) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പാരിസ്ഥിതിക പഠനം പൂർത്തികരണഘട്ടത്തിലാണ്. എന്നാൽ നിലവിൽ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ നിൽക്കുന്നവയുടെ പൂർത്തീകരണത്തിനും നിർമ്മാണം പൂർത്തീകരിച്ചവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുമാണ് ഈ സർക്കാർ മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ